പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :3695 23.08.2017 ലെ മറുപടിക്ക്

## പെരുമൺ കയർ പാർക്കിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. മുകേഷ് | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) കൊല്ലം മണ്ഡലത്തിൽ പനയം പഞ്ചായത്തിലെ പെരുമണിൽ എൻ.സി.ആർ.എം.ഐ.യുടെ ആഭിമുഖ്യത്തിൽ സ്ഥാപിച്ച കയർ പാർക്കിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; പാർക്കിന്റെ പ്രവർത്തനം നിലയ്ക്കാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണ്; വിശദാംശം നൽകമോ; | എ) കയർ പരിശീലനങ്ങൾക്കുവേണ്ടിയാണ് പനയം പഞ്ചായത്തിലെ പെരുമണിൽ കയർ പാർക്കിന്റെ പ്രവർത്തനം ആരംഭിച്ചത്. എന്നാൽ ഭൂരിഭാഗം കയർ സൊസൈറ്റികളും പെരുമണിൽ ഉള്ള ട്രെയിനിംഗ് സെൻററിൽ പരിശീലനത്തിനായി വരുവാൻ വിമുഖത കാട്ടുകയായിരുന്നു. ട്രെയിനിംഗ് സെൻറർ ഉൾനാടൻ പ്രദേശത്തായതിനാൽ ട്രെയിനികൾക്ക് എത്താനും താമസിക്കുന്നതിനുമുള്ള സൗകര്യം കുറവായതിനാലായിരുന്നു ഇത്. എൻ.സി.ആർ.എം.ഐ. യുടെ പരിശീലനങ്ങളെല്ലാം അതാത് സൊസൈറ്റികളിൽ തന്നെ നടത്തുകയായിരുന്നു. ആയതിനാൽ പെരുമൺ കയർ പാർക്കിൽ വളരെ വിരളമായേ ട്രെയിനിംഗ് നടത്തിയിട്ടുള്ളൂ. |
| ബി) കയർ പാർക്കിൽ സ്ഥാപിച്ചിട്ടുള്ള യന്ത്രസാമഗ്രികളും മറ്റും നശിക്കുന്ന സാഹചര്യത്തിൽ കയർപാർക്കിന്റെ നവീകരണത്തിനോ അല്ലെങ്കിൽ കയർമേഖലയുടെ വികസനത്തിന് സഹായകരമാകുന്ന മറ്റേതെങ്കിലും സംരംഭങ്ങൾ ആരംഭിക്കുന്നതിനോ ഉള്ള പദ്ധതി പരിഗണനയിലുണ്ടോ; | ബി) പെരുമണിലെ കയർ പാർക്ക് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിന്റെ ഒരു ടഫ്റ്റിംഗ് പ്ലാന്റ് തുടങ്ങുന്നതിലേക്കായി ഈ സ്ഥലം പരിശോധിക്കുകയുണ്ടായി. എന്നാൽ ഇവിടേക്കുള്ള വഴി റെയിൽവേയുടെ ഉടമസ്ഥതയിലുള്ളതാണ്. ഇവിടെ റെയിൽവേയുടെ മേൽപ്പാലം ഉള്ളതുകൊണ്ടും ഇവിടേക്ക് കണ്ടെയിനർ ലോറി വന്നുചേരാൻ കഴിയാത്തതുകൊണ്ടും ഈ പദ്ധതി ഉപേക്ഷിക്കുകയുണ്ടായി. |
| സി) ഇല്ലെങ്കിൽ അപ്രകാരം പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | സി) സർക്കാരിന്റെ ഉടമസ്ഥതയിലുള്ള 30.93 ഏക്കർ ഭൂമിയിൽ 25 ഏക്കർ കോ ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷനും (കേപ്പ്), 5.93 ഏക്കർ എൻ.സി.ആർ.എം.ഐ. ക്കും നിലവിലുള്ളതും ഭാവിയിൽ ഉണ്ടാകുന്നതുമായ എല്ലാ ബാധ്യതകളും രണ്ടു സ്ഥാപനങ്ങളും തുല്യമായി വഹിക്കണമെന്ന നിബന്ധനയോടെ അനുവദിച്ച് നൽകി. കൊല്ലം സ്പെഷ്യൽ തഹസീൽദാരുടെ റിപ്പോർട്ട് പ്രകാരം എൻ.സി.ആർ.എം.ഐ.യ്ക്ക് 50 ലക്ഷം രൂപയുടെ നഷ്ടപരിഹാര ബാധ്യത ഉണ്ട്. എൻ.സി.ആർ.എം.ഐ. ഒരു ഗവേഷണ സ്ഥാപനമായതിനാൽ ഇത്രയും തുക നൽകാനുള്ള സാമ്പത്തികശേഷി ഇല്ല എന്ന കാരണം ബോധിപ്പിച്ച് പ്രസ്തുത ഭൂമി തിരികെയെടുക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. സർക്കാർ ഇക്കാര്യം പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ